published on 08.2.2016

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 391

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 391

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

155/2016.

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

## പ്രയോഗത്തിലില്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതും ആയ ചില നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പ്രയോഗത്തിലില്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതും ആയ ചില നിയമങ്ങൾ റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില നിയമങ്ങൾ റദ്ദാക്കൽ.—ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള നിയമങ്ങൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—(1) ഈ ആക്റ്റുമൂലം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിയമം റദ്ദാക്കിയത്, റദ്ദാക്കപ്പെട്ട നിയമം ബാധകമാക്കിയിട്ടുള്ളതോ ഉൾപ്പെടുത്തിയിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ മറ്റേതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ലാത്തതും, ഈ ആക്റ്റ്, ഇതിനകം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയേയോ സാധുത ഇല്ലായ്മയേയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അഥവാ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ, കർത്തവ്യത്തെയോ, ബാദ്ധ്യതയെയോ അഥവാ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയേയോ അഥവാ ഏതെങ്കിലും കടം,

പിഴ, കർത്തവ്യം, ബാദ്ധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്നും ഉള്ള മോചനത്തെയോ ബാദ്ധ്യതാ വിമുക്തിയെയോ അഥവാ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അഥവാ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവർത്തിയെയോ കാര്യത്തെയോ ബാധിക്കുന്നതല്ലാത്തതു മാണ് ;

അതുമല്ല, ഏതെങ്കിലും നിയമം വഴിയോ നിയമത്തിലോ നിയമത്തിൽനിന്നോ പ്രാമാണീകരിച്ചിട്ടുള്ളതോ അംഗീകാരം സിദ്ധിച്ചിട്ടുള്ളതോ ഉരുത്തിരിഞ്ഞിട്ടുള്ളതോ ആയ ഏതെങ്കിലും തത്വമോ നിയമപ്രമാണമോ അഥവാ വ്യവസ്ഥാപിതമായ അധികാരിതയോ, അന്യായ ഹർജ്ജിയുടെ രൂപമോ, ഗതിയോ, പതിവോ, നടപടിക്രമമോ അഥവാ നിലവിലുള്ള വഴക്കമോ ആചാരമോ വിശേഷാധികാരമോ പരിമിതിയോ ഒഴിവാക്കലോ ഉദ്യോഗമോ നിയമനമോ അവ ഏതെങ്കിലും വിധത്തിൽ, യഥാക്രമം, ഇതിൻ പ്രകാരം റദ്ദാക്കിയിട്ടുള്ള നിയമങ്ങളാൽ ആയിരുന്നാൽ തന്നെയും, ഈ ആക്റ്റ് ബാധിക്കുന്നതല്ല;

അതുമല്ല, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നിയമത്തിന്റെ റദ്ദാക്കൽ, ഇപ്പോൾ നിലവിലില്ലാത്തതോ പ്രാബല്യത്തിലില്ലാത്തതോ ആയ ഏതെങ്കിലും അധികാരിത, ഉദ്യോഗം, ആചാരം, ബാദ്ധ്യത, അവകാശം, ഉടമസ്ഥാവകാശം, പ്രത്യേകാവകാശം, പരിമിതി, ഒഴിവാക്കൽ, ആചരണം, പതിവ്, നടപടിക്രമം എന്നിവയെയോ അഥവാ മറ്റ് സംഗതിയെയോ കാര്യത്തെയോ പുനരുജ്ജീവിപ്പിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതല്ല.

(2) 1125-ലെ വ്യാഖ്യാനവും സാമാന്യഖണ്ഡങ്ങളും ആക്റ്റിന്റെ (1125-ലെ VII) 4-ാം വകുപ്പിലെ വ്യവസ്ഥകൾ, ഈ ആക്റ്റ് പ്രകാരമുള്ള, ഒരു നിയമത്തിന്റെ റദ്ദാക്കൽ സംബന്ധിച്ച്, ബാധകമായിരിക്കുന്നതാണ്.

## പട്ടിക

(2-ാം വകുപ്പ് കാണുക)

| ക്രമ നമ്പർ | വർഷവും ആക്റ്റിന്റെ/ റഗുലേഷന്റെ നമ്പരും | | ചുരുക്കപ്പേര് |
|---|---|---|---|
| (1) | (2) | | (3) |
| **തിരുവിതാംകൂർ ആക്റ്റുകൾ** | | | |
| 1 | 1040 | | 1040-ലെ എൻഫ്രാഞ്ചൈസ്മെന്റ് ഓഫ് സർക്കാർ പാട്ടം ലാന്റ്സ് പ്രൊക്ലമേഷൻ (ട്രാവൻകൂർ) |
| 2 | 1061 | | 1061-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷൻ (ട്രാവൻകൂർ) |
| **കൊച്ചി ആക്റ്റുകൾ** | | | |
| 3 | 1118 | XII | 1118-ലെ പള്ളിപ്പുറത്ത് പാഴൂർ ഇല്ലം അസംപ്ഷൻ ഓഫ് മാനേജ്മെന്റ് പ്രൊക്ലമേഷൻ (കൊച്ചി) |
| 4 | - | - | പാലിയം വിളംബരം (കൊച്ചിയിൽ മാത്രം) |
| 5 | 1095 | XVIII | 1095-ലെ ദി പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി റ്റു ആനിമെൽസ് ആക്റ്റ് (കൊച്ചി) |
| 6 | 1109 | I | 1109-ലെ ദി കൊച്ചിൻ അമെന്റിംഗ് ആക്റ്റ് |
| 7 | 1111 | XXVI | 1111-ലെ ദി പ്രിവെൻഷൻ ഓഫ് ഡെഡിക്കേഷൻ ആക്റ്റ് |
| 8 | 1112 | XXVI | 1112-ലെ ദി കൊച്ചിൻ ഡെബ്റ്റ് കൺസീലിയേഷൻ ആക്റ്റ് |
| 9 | 1118 | XV | 1118-ലെ അമെന്റിംഗ് പ്രൊക്ലമേഷൻ |
| 10 | 1123 | I | 1123-ലെ പ്രൊക്ലമേഷൻ എക്സ്റ്റെന്റിംഗ് ദി പീരിയഡ് ഓഫ് മാനേജ്മെന്റ് ഓവർ പാലിയം എസ്റ്റേറ്റ് (കൊച്ചി) |
| 11 | 1124 | VIII | 1124-ലെ പാലിയം പ്രൊക്ലമേഷൻ |
| **തിരുവിതാംകൂർ-കൊച്ചി ആക്റ്റ്** | | | |
| 12 | 1955 | XXVI | 1955-ലെ ദി ട്രാവൻകൂർ കൊച്ചിൻ എന്റർടെയിൻമെന്റ്സ് ടാക്സ് (വാലിഡേഷൻ ഓഫ് ലെവി ആന്റ് കളക്ഷൻ) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| **മലബാർ പ്രദേശത്ത് ബാധകമായിട്ടുള്ള മദ്രാസ് ആക്റ്റുകളും റഗുലേഷനുകളും** | | | |
| 13 | 1802 | | 1802-ലെ ദി മദ്രാസ് അഡ്മിനിസ്ട്രേഷൻ ഓഫ് എസ്റ്റേറ്റ്സ് റഗുലേഷൻ |
| 14 | 1862 | IV | 1862-ലെ ദി മദ്രാസ് എൻഫ്രാഞ്ചൈസ്ഡ് ഇനാംസ് ആക്റ്റ് |
| 15 | 1867 | I | 1867-ലെ ദി മദ്രാസ് ജനറൽ ക്ലോസസ് ആക്റ്റ് |
| 16 | 1891 | I | 1891-ലെ ദി മദ്രാസ് ജനറൽ ക്ലോസസ് ആക്റ്റ് |
| 17 | 1914 | VIII | 1914-ലെ ദി മദ്രാസ് ഡിസെൻട്രലൈസേഷൻ ആക്റ്റ് |
| 18 | 1947 | XIV | 1947-ലെ ദി മദ്രാസ് എസ്റ്റേറ്റ്സ്, കമ്മ്യൂണൽ, ഫോറസ്റ്റ് ആന്റ് പ്രൈവറ്റ് ലാന്റ്സ് (പ്രൊഹിബിഷൻ ഓഫ് ഏലിയനേഷൻ) ആക്റ്റ് |
| 19 | 1947 | XXXI | 1947-ലെ ദി മദ്രാസ് ദേവദാസീസ് (പ്രിവെൻഷൻ ഓഫ് ഡെഡിക്കേഷൻ) ആക്റ്റ് |
| 20 | 1948 | VII | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് ആന്റ് റിപ്പീലിംഗ് (നമ്പർ I) ആക്റ്റ് |
| 21 | 1948 | VIII | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് (നമ്പർ II) ആക്റ്റ് |
| 22 | 1948 | IX | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് (നമ്പർ III) ആക്റ്റ് |
| 23 | 1949 | X | 1948-ലെ മദ്രാസ് റീ ഇനാക്റ്റിംഗ് ആക്റ്റ് |
| 24 | 1949 | XXIX | 1949-ലെ ദി മദ്രാസ് എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആന്റ് റിക്വസിഷനിംഗ് (ടെമ്പററി പവേഴ്സ്) ആക്റ്റ് |
| 25 | 1950 | III | 1950-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് ആക്റ്റ് |
| 26 | 1951 | XIV | 1951-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| 27 | 1952 | XI | 1952-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| 28 | 1954 | XXIX | 1954-ലെ ദി മദ്രാസ് ഇലക്ട്രിസിറ്റി സപ്ലൈ അണ്ടർടേക്കിംഗ്സ് (അക്വിസിഷൻ) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 29 | 1955 | XXXVI | 1955-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| **കേരള ആക്റ്റുകൾ** | | | |
| 30 | 1961 | 21 | 1961-ലെ പട്ടാഴി ദേവസ്വം ഭൂമി (കൈവശം നൽകലും ബന്ധവിമോചനവും) ആക്റ്റ് |
| 31 | 1963 | 9 | 1963-ലെ കൈവശാവകാശത്തിനും, നിരോധന കൽപ്പനയ്ക്കും വേണ്ടിയുള്ള വ്യവഹാരങ്ങൾ (വീണ്ടും ഉള്ള കൈമാറ്റം) ആക്റ്റ് |
| 32 | 1969 | 19 | 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിർത്തലാക്കൽ) ഭേദഗതി ആക്റ്റ് |
| 33 | 1975 | 30 | 1975-ലെ കേരള അധമർണ്ണ (താൽക്കാലികാശ്വാസ) ആക്റ്റ് |
| 34 | 1976 | 9 | 1976-ലെ കേരള മുനിസിപ്പൽ കൗൺസിൽ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി നീട്ടൽ) ആക്റ്റ് |
| 35 | 1976 | 16 | 1976-ലെ കാണകുടിയായ്മ നിർത്തലാക്കൽ ആക്റ്റ് |
| 36 | 1976 | 31 | 1976-ലെ തിരുവിതാംകൂർ കൊട്ടാരത്തിലേയ്ക്ക് നെല്ലും അരിയും നൽകുന്നത് സംബന്ധിച്ച (അവകാശങ്ങളും ബാദ്ധ്യതകളും നിർത്തലാക്കൽ) ആക്റ്റ് |
| 37 | 1977 | 3 | 1976-ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (പുനഃസംഘടിപ്പിക്കുന്നതിനുള്ള സമയം നീട്ടൽ) ആക്റ്റ് |
| 38 | 1988 | 13 | 1988-ലെ ഗാന്ധിജി സർവ്വകലാശാല (സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിടൽ) ആക്റ്റ് |
| 39 | 2001 | 19 | 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്റ്റ് |
| 40 | 2004 | 3 | 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ആക്റ്റ് |
| 41 | 2005 | 8 | 2005-ലെ കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| **ഭേദഗതി ആക്റ്റുകൾ** | | | |
| 42 | 2002 | 4 | 2002-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 43 | 2002 | 5 | 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്റ്റ് |
| 44 | 2002 | 6 | 2002-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്റ്റ് |
| 45 | 2003 | 1 | 2003-ലെ കേരള അബ്കാരി (ഭേദഗതി) ആക്റ്റ് |
| 46 | 2003 | 2 | 2003-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് |
| 47 | 2003 | 3 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 48 | 2003 | 4 | 2003-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 49 | 2003 | 7 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (മൂന്നാം ഭേദഗതി) ആക്റ്റ് |
| 50 | 2003 | 8 | 2003-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ (ഭേദഗതി) ആക്റ്റ് |
| 51 | 2003 | 9 | 2003-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 52 | 2003 | 10 | 2003-ലെ കേരളത്തിലെ മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 53 | 2003 | 11 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ആക്റ്റ് |
| 54 | 2003 | 16 | 2003-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 55 | 2003 | 28 | 2003-ലെ കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ആക്റ്റ് |
| 56 | 2004 | 1 | 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 57 | 2004 | 4 | 2004-ലെ കേരള ടോൾ (ഭേദഗതി) ആക്റ്റ് |
| 58 | 2004 | 16 | 2004-ലെ കേരള സഹകരണ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 59 | 2005 | 1 | 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 60 | 2005 | 2 | 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 61 | 2005 | 3 | 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 62 | 2005 | 4 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 63 | 2005 | 5 | 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് |
| 64 | 2005 | 6 | 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് |
| 65 | 2005 | 7 | 2005-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ആക്റ്റ് |
| 66 | 2005 | 19 | 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ആക്റ്റ് |
| 67 | 2005 | 22 | 2005-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ആക്റ്റ് |
| 68 | 2005 | 23 | 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 69 | 2005 | 24 | 2005-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് |
| 70 | 2005 | 26 | 2005-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് |
| 71 | 2005 | 28 | 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും ഭേദഗതി ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 72 | 2005 | 29 | 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതിചെയ്യൽ ആക്റ്റ് |
| 73 | 2005 | 30 | 2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ് |
| 74 | 2005 | 31 | 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് |
| 75 | 2005 | 33 | 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് |
| 76 | 2005 | 34 | 2005-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ആക്റ്റ് |
| 77 | 2005 | 35 | 2005-ലെ കേരള മുനിസിപ്പാലിറ്റി (അഞ്ചാം ഭേദഗതി) ആക്റ്റ് |
| 78 | 2005 | 36 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ആറാം ഭേദഗതി) ആക്റ്റ് |
| 79 | 2005 | 37 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ഏഴാം ഭേദഗതി) ആക്റ്റ് |
| 80 | 2005 | 40 | 2005-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 81 | 2005 | 41 | 2005-ലെ കേരള ആഡംബര നികുതി (ഭേദഗതി) ആക്റ്റ് |
| 82 | 2005 | 42 | 2005-ലെ കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിൻമേലുള്ള നികുതി (ഭേദഗതി) ആക്റ്റ് |
| 83 | 2005 | 43 | 2005-ലെ കേരള കാർഷികാദായ നികുതി (ഭേദഗതി) ആക്റ്റ് |
| 84 | 2005 | 45 | 2005-ലെ കേരള ജലവിതരണവും അഴുക്കുചാലും (ഭേദഗതി) ആക്റ്റ് |
| 85 | 2006 | 1 | 2006-ലെ കേരള ഭൂപരിഷ്ക്കരണ (മൂന്നാം ഭേദഗതി) ആക്റ്റ് |
| 86 | 2006 | 4 | 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റ് |
| 87 | 2006 | 21 | 2005-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 88 | 2007 | 5 | 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് |
| 89 | 2007 | 6 | 2007-ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ആക്റ്റ് |
| 90 | 2007 | 11 | 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 91 | 2007 | 12 | 2007-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 92 | 2007 | 19 | 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ആക്റ്റ് |
| 93 | 2007 | 21 | 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് |
| 94 | 2007 | 23 | 2007-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 95 | 2007 | 24 | 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 96 | 2007 | 25 | 2007-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 97 | 2007 | 26 | 2007-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് |
| 98 | 2007 | 27 | 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്റ്റ് |
| 99 | 2007 | 29 | 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ആക്റ്റ് |
| 100 | 2007 | 31 | 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ് |
| 101 | 2007 | 32 | 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ആക്റ്റ് |
| 102 | 2007 | 33 | 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ആക്റ്റ് |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കാലാകാലങ്ങളിൽ ആക്റ്റുകൾ റദ്ദ് ചെയ്യുന്നത്, പ്രയോഗത്തിൽ ഇല്ലാത്തതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകമാകുന്നു. ഒരു പ്രത്യേക കാലയളവിലേക്കോ പ്രത്യേക ആവശ്യത്തിലേക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

2. ഭേദഗതി ആക്റ്റുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായിത്തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട കാര്യമില്ല.

3. സംസ്ഥാന സർക്കാർ നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ, കാലഹരണപ്പെട്ടതും തുടർന്ന് ആവശ്യമില്ലാത്തതുമായ നിയമങ്ങൾ റദ്ദാക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ച് അത്തരം നിയമങ്ങൾ റദ്ദാക്കുവാൻ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഉമ്മൻ ചാണ്ടി.